**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4386

13.11.2019 ലെ മറുപടിയ്ക്ക്.

## പഠനമുറി പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ. ബഷീർ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം/ പഠനമുറി അനുവദിച്ചിട്ടുണ്ട്. വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം ഏറനാട് നിയോജക മണ്ഡലത്തിൽ 72 പേർക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ വികസന വകുപ്പ് സാമൂഹ്യ പഠനമുറി എന്ന പദ്ധതി ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിൽ നടപ്പിലാക്കി വരുന്നു.<br><br>മലപ്പുറം ജില്ലയിൽ ഏറനാട് നിയോജക മണ്ഡലത്തിലെ പെരുപടവം കോളനിയിൽ സാമൂഹ്യ പഠനമുറി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്' വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം സംസ്ഥാനത്തെ ഗവ./ എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽസ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം 120 ചതുരശ്ര അടി വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്തയിടങ്ങളിൽ പത്ര പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. നിലവിലുള്ള വീടിന്റെ വലിപ്പം 800 ചതുരശ്ര അടി വരെയുള്ളവർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. മുമ്പ് ഇതേ ആവശ്യത്തിന് മറ്റ് ഏജൻസികളിൽ നിന്ന് ധനസഹായം |

| | | | |
|---|---|---|---|
| | | | ലഭിക്കാത്തവർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. ടി പദ്ധതി പ്രകാരം 120 ചതുരശ്ര അടി വലിപ്പത്തിൽ റൂം നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിലും ജനലുകളും പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് തുക അനുവദിക്കുന്നത്. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ വിലയിരുത്തി ഗഡുക്കളായി തുക അനുവദിക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ പഠനമുറി സ്ഥാപിക്കുവാൻ ചുരുങ്ങിയത് 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ എങ്കിലും ഊരുകളിൽ ഉണ്ടായിരിക്കണം. |

സെക്ഷൻ ഓഫീസർ